ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 13.01.2026** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. രാജ്യത്തിന്റെ ജൈവ സമ്പദ്‌വ്യവസ്ഥ 2030-ഓടെ 300 ബില്യൺ ഡോളറായി ഉയരുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah stated that the country's bio-economy will rise to $300 billion by 2030.**

2. ആഗോള ക്ഷേമത്തിനായി ബ്രിക്സ് രാജ്യങ്ങളെ ഒന്നിച്ചുകൊണ്ടുവരാനാണ് ഇന്ത്യ ശ്രമിക്കുന്നതെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   **External Affairs Minister S. Jaishankar said that India is striving to bring BRICS nations together for global welfare.**

3. ശക്തവും സുരക്ഷിതവുമായ രാജ്യം കെട്ടിപ്പടുക്കുന്നതിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തം അനിവാര്യമെന്ന് സംയുക്ത സൈനികമേധാവി ജനറൽ അനിൽ ചൗഹാൻ.

   **Chief of Defence Staff (CDS) General Anil Chauhan emphasized that the active participation of youth is essential in building a strong and secure nation.**

4. മകരവിളക്ക് മഹോത്സവത്തിനോടബന്ധിച്ച് ശബരിമലയിലും പരിസര പ്രദേശങ്ങളിലും കനത്ത സുരക്ഷ. ശബരിമല തീർത്ഥാടകരുടെ തിരക്ക് ഒഴിവാക്കാൻ സ്പെഷ്യൽ ട്രെയിൻ അനുവദിച്ച് ഇന്ത്യൻ റെയിൽവേ.

   **Heavy security has been deployed in and around Sabarimala in**

connection with the Makaravilakku festival. Indian Railways has sanctioned special trains to manage the rush of Sabarimala pilgrims.

5. ബംഗ്ലാദേശി അനധികൃത കുടിയേറ്റം സംബന്ധിച്ച കേസ്, ഡൽഹി പോലീസിൽ നിന്ന് ഏറ്റെടുത്ത് ദേശീയ അന്വേഷണ ഏജൻസി.

   The National Investigation Agency (NIA) has taken over the case regarding illegal Bangladeshi migration from the Delhi Police.

6. വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ, മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ജയന്റ്സ് പോരാട്ടം.

   In the Women's Premier League (WPL) T20 cricket, Mumbai Indians will face Gujarat Giants.

❁❁❁❁❁❁❁❁❁❁❁❁❁

## VP - DRUGS

ലഹരിവസ്തുക്കളുടെ ഉപയോഗം സാമൂഹിക വെല്ലുവിളിയാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. യുവജനങ്ങൾ മയക്കുമരുന്ന് ഉപയോഗത്തിൽ നിന്ന് മുക്തരും, ആരോഗ്യമുള്ളവരും, ലക്ഷ്യബോധമുള്ളവരുമാകുമ്പോൾ മാത്രമേ വികസിത ഭാരതം എന്ന ദർശനം യാഥാർത്ഥ്യമാകൂ എന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി. ഡൽഹി സർവകലാശാലയുടെ മയക്കുമരുന്ന് രഹിത കാമ്പസ് കാമ്പെയ്‌നിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

************************

## FUR. REV GUJ-AMIT SHAH (INTRO)

ബയോടെക്നോളജി രംഗത്ത് ഇന്ത്യ അഭൂതപൂർവമായ വളർച്ച കൈവരിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. 2030-ഓടെ രാജ്യത്തിന്റെ ജൈവ സമ്പദ്‌വ്യവസ്ഥ 300 ബില്യൺ ഡോളറായി ഉയരുമെന്ന് അദ്ദേഹം പറഞ്ഞു.

ഗാന്ധിനഗറിൽ ഗുജറാത്ത് ബയോടെക്നോളജി ഗവേഷണ കേന്ദ്രത്തിന്റെ ബിഎസ്എൽ-4 ബയോകണ്ടെയ്ൻമെന്റ് ഫെസിലിറ്റിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു ശ്രീ അമിത്ഷാ.

(ഹോൾഡ് വോയിസ്)

ഗാന്ധിനഗറിൽ 267 കോടി രൂപയുടെ വികസന പദ്ധതികൾക്കും കേന്ദ്രമന്ത്രി അമിത്ഷാ തുടക്കം കുറിച്ചു. അടുത്ത വർഷം അവസാനത്തോടെ രാജ്യം ലോകത്തെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി മാറുമെന്നും അദ്ദേഹം പറഞ്ഞു.

*************************

## S JAISHANKAR

സഹകരണം, സുസ്ഥിരത, നവീകരണം എന്നിവ 2026-ലെ ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷപദവിയിലെ പ്രധാന മുൻഗണനകളായിരിക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ബ്രിക്സ് ഉച്ചകോടിയുടെ ലോഗോ, പ്രമേയം, വെബ്സൈറ്റ് എന്നിവ അദ്ദേഹം പ്രകാശനം ചെയ്തു. ഉച്ചകോടിയിലൂടെ ആഗോള ക്ഷേമത്തിനായി ബ്രിക്സ് രാജ്യങ്ങളെ ഒന്നിച്ചുകൊണ്ടുവരാനാണ് ഇന്ത്യ ശ്രമിക്കുന്നതെന്ന് വിദേശകാര്യ മന്ത്രി പറഞ്ഞു. വളർന്നുവരുന്ന വിപണികൾക്കും വികസ്വര സമ്പദ്വ്യവസ്ഥകൾക്കും ഇടയിലുള്ള സഹകരണത്തിനായുള്ള നിർണ്ണായക വേദിയായി ബ്രിക്സ് മാറിയെന്നും അദ്ദേഹം പറഞ്ഞു.

*************************

## CDS- NCC REPUBLIC DAY CAMP (INTRO)

ശക്തവും സുരക്ഷിതവുമായ രാജ്യം കെട്ടിപ്പടുക്കുന്നതിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തം അനിവാര്യമെന്ന് സംയുക്ത സൈനികമേധാവി ജനറൽ അനിൽ ചൗഹാൻ. ന്യൂഡൽഹിയിൽ നടന്ന നാഷണൽ കേഡറ്റ് കോർപ്സ് റിപ്പബ്ലിക് ദിന ക്യാമ്പിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ദേശീയ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് രാഷ്ട്രവികസനത്തിനായി പ്രവർത്തിക്കാൻ അദ്ദേഹം കേഡറ്റുകളോട് ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയിസ്)

*************************

## GENERAL UPENDRA DWIVEDI

സേനാ വിഭാഗങ്ങളുടെ യോജിച്ചുള്ള പ്രവർത്തനത്തിന്റെ ഉത്തമ ഉദാഹരണമാണ് ഓപ്പറേഷൻ സിന്ദൂർ എന്ന് കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ലെന്നും, ഭാവിയിലെ വെല്ലുവിളികൾക്ക് തക്ക മറുപടി നൽകുമെന്നും അദ്ദേഹം പറഞ്ഞു. പാകിസ്ഥാനിലെ ഏഴ് ഭീകര താവളങ്ങൾ ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യൻ സേന തകർത്തതായും ജനറൽ ദ്വിവേദി ന്യൂഡൽഹിയിൽ വാർഷിക വാർത്താസമ്മേളനത്തിൽ പറഞ്ഞു.

*************************

## ADMM PLUS- DEFENCE MINISTRY

ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾക്കായുള്ള പതിനാറാമത് 'ആസിയാൻ ഡിഫൻസ് മിനിസ്റ്റേഴ്സ് മീറ്റിംഗ്-പ്ലസ് എക്സ്പെർട്ട് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. ഇന്ത്യയും മലേഷ്യയും സംയുക്തമായി അധ്യക്ഷത വഹിക്കുന്ന ഈ യോഗം മൂന്ന്

ദിവസം നീണ്ടുനിൽക്കും. ബ്രൂണെ, കംബോഡിയ, ഇന്തോനേഷ്യ, മലേഷ്യ എന്നിവയുൾപ്പെടെയുള്ള 11 ആസിയാൻ രാജ്യങ്ങളും ഓസ്ട്രേലിയ, ന്യൂസിലാൻഡ്, ദക്ഷിണ കൊറിയ, ജപ്പാൻ എന്നീ 7 സംഭാഷണ പങ്കാളികളും ഇതിൽ പങ്കെടുക്കുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. അംഗരാജ്യങ്ങൾക്കിടയിൽ പ്രതിരോധ മേഖലയിലുള്ള പ്രായോഗിക സഹകരണം മെച്ചപ്പെടുത്തുകയാണ് യോഗത്തിന്റെ ലക്ഷ്യം.

*************************

## VETERANS DAY

10-ാമത് കരസേന വെറ്ററൻസ് ഡേ ആഘോഷങ്ങൾ നാളെ നടക്കും. പൂനെയിലെ എയർ ഫോഴ്സ് സ്റ്റേഷനിലാണ് പരിപാടി. ഇന്ത്യൻ കരസേനയുടെ ആദ്യ കമാൻഡർ ഇൻ ചീഫ്, ഫീൽഡ് മാർഷൽ കെ എം കരിയപ്പ നൽകിയ സേവനങ്ങളുടെ ബഹുമാനാർത്ഥം, 1953 ൽ അദ്ദേഹം വിരമിച്ച ദിവസമായ ജനുവരി 14ആണ് വെറ്ററൻസ് ഡേ ആയി ആഘോഷിക്കുന്നത്.

*************************

## SABARIMALA

മകരവിളക്ക് മഹോത്സവത്തിനായുള്ള അവസാനവട്ട തയാറെടുപ്പിൽ ശബരിമല സന്നിധാനം. പർണശാലകൾ ഒരുക്കി പതിനായിരക്കണക്കിനു ഭക്തരാണ് പാണ്ടിത്താവളത്തിലും പുല്ലുമേട്ടിലും ഉൾപ്പെടെ തമ്പടിച്ചിരിക്കുന്നത്. മകരവിളക്കിനോട് അനുബന്ധിച്ച് ശബരിമലയിൽ സുരക്ഷ കർശനമാക്കി. മകരജ്യോതി വ്യൂ പോയിന്റുകളിലും സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവാഭരണഘോഷയാത്ര നാളെ സന്നിധാനത്ത് എത്തിച്ചേരും. വൈകിട്ട് അയ്യപ്പ

വിഗ്രഹത്തിൽ തിരുവാഭരണങ്ങൾ ചാർത്തി ദീപാരാധനയും തുടർന്ന് മകരജ്യോതിയും നടക്കും. പത്തനംതിട്ട ജില്ലയ്ക്ക് നാളെ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ശബരിമല മകരവിളക്കിന്റെ തത്സമയ ദൃക്സാക്ഷി വിവരണം ആകാശവാണി പ്രക്ഷേപണം ചെയ്യും. തിരുവനന്തപുരം നിലയത്തിന്റെ യൂട്യൂബ് ചാനലിലും വിവരണം ലഭ്യമായിരിക്കും.

*************************

## SABARIMALA - INDIAN RAILWAY

മകരവിളക്ക് ഉത്സവകാലത്ത് ശബരിമല തീർത്ഥാടകർക്ക് സുഗമവും സുരക്ഷിതവുമായ യാത്ര ഉറപ്പാക്കുന്നതിന് വിപുലമായ ക്രമീകരണങ്ങൾ ഉറപ്പാക്കി ഇന്ത്യൻ റെയിൽവേ. യാത്രക്കാരുടെ തിരക്ക് ഒഴിവാക്കാൻ കൊല്ലം - കാക്കിനട ടൗൺ എക്സ്പ്രസ്, തിരുവനന്തപുരം സെൻട്രൽ - ചരളാപ്പള്ളി എക്സ്പ്രസ് സ്പെഷ്യൽ ട്രെയിൻ എന്നീ അധിക ട്രെയിൻ സർവീസുകൾ റെയിൽവേ പ്രഖ്യാപിച്ചു.

*************************

## REPUBLIC DAY AT HOME (INTRO)

രാഷ്ട്രപതി ഭവനിൽ നടക്കുന്ന റിപ്പബ്ലിക് ഡേ അറ്റ് ഹോം പരിപാടിയിൽ പങ്കെടുക്കുന്നതിന് കണ്ണൂർ സ്വദേശിയും കളരി ഗുരുക്കളുമായ പത്മശ്രീ എസ് ആർ ഡി പ്രസാദിന് ഔദ്യോഗിക ക്ഷണം ലഭിച്ചു. ഔദ്യോഗിക ക്ഷണക്കത്ത് കണ്ണൂർ പോസ്റ്റൽ സൂപ്രണ്ട് സി കെ മോഹനന്റെ നേതൃത്വത്തിൽ ചിറക്കലിലെ വീട്ടിലെത്തി അദ്ദേഹത്തിന് കൈമാറി. ഇത്തരത്തിൽ ഒരു ക്ഷണം ലഭിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് എസ് ആർ ഡി പ്രസാദ് പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

റിപ്പബ്ലിക് ഡേ അറ്റ് ഹോം പരിപാടിയിൽ പങ്കെടുക്കുന്നതിന് എറണാകുളം ജില്ലയിലെ മഞ്ഞുമ്മൽ സ്വദേശിയായ യുവ സംരംഭകനും വിദ്യാർത്ഥിയുമായ മാധവ് എ. നായർക്കും ഔദ്യോഗിക ക്ഷണം ലഭിച്ചിട്ടുണ്ട്.
*************************

## LSG -COUNTING

സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവെച്ച മൂന്ന് തദ്ദേശ വാർഡുകളിൽ രണ്ട് ഇടത്ത് യു.ഡി.എഫിനും ഒരിടത്ത് എൽ ഡി എഫിനും ജയം. തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞത്ത് യു.ഡി.എഫിന്റെ കെ.എച്ച് സുധീർ ഖാനാണ് ജയം. മലപ്പുറം മൂത്തേടം ഗ്രാമ പഞ്ചായത്തിലെ പായിമ്പാടം വാർഡിൽ 222 വോട്ടിന്റെ ഭൂരിപക്ഷത്തിൽ യു ഡി എഫ് സ്ഥാനാർത്ഥി കൊരമ്പയിൽ സുബൈദ വിജയിച്ചു. എറണാകുളം പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂറിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥി സി.ബി.രാജീവ് 221 വോട്ടുകൾക്കാണ് വിജയം നേടിയത്.
*************************

## VOTERS LIST

സംസ്ഥാനത്ത് സമഗ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി നോട്ടീസ് ലഭിച്ചവർക്ക് രേഖകൾ അപ് ലോഡ് ചെയ്യാൻ ഓൺലൈൻ സംവിധാനം ഒരുങ്ങി. voters.eci.gov.in വെബ്സൈറ്റ് ലിങ്കിൽ പ്രവേശിക്കുമ്പോൾ submit document against notice issued എന്ന ബട്ടണിലാണ് ക്ലിക്ക് ചെയ്യേണ്ടത്.
*************************

## CEC - SC

2023 ലെ CEC ആക്ട് പ്രകാരം മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർക്കും തിരഞ്ഞെടുപ്പ് കമ്മീഷണർമാർക്കും നൽകിയിട്ടുള്ള പ്രത്യേക പരിരക്ഷക്കെതിരെ സമർപ്പിച്ച ഹർജിയിൽ സുപ്രീംകോടതി കേന്ദ്രത്തിനും തിരഞ്ഞെടുപ്പ് കമ്മീഷനും നോട്ടീസ് അയച്ചു. എന്നാൽ വ്യവസ്ഥ സ്റ്റേ ചെയ്യാൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെടുന്ന ബഞ്ച് വിസമ്മതിച്ചു.

*************************

## WPL

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ, ടോസ് നേടിയ മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ജയന്റ്സിനെ ബാറ്റിങ്ങിനയച്ചു. മുംബൈ D.Y പാട്ടീൽ സ്റ്റേഡിയത്തിലാണ് മത്സരം.

*************************

## BOOK FESTIVAL - GOVERNOR

പുസ്തകങ്ങൾ നമ്മുടെ സുഹൃത്താണെന്നും, പുതുചിന്തകൾ മനസ്സിൽ നിറയ്ക്കാൻ വായന സഹായിക്കുമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. നാലാമത് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുതു തലമുറയെ രൂപപ്പെടുത്തുക എന്ന ദൗത്യമാണ് പുസ്തകോത്സവം നിർവ്വഹിക്കുന്നതെന്നും, കേരള നിയമസഭ മുന്നോട്ട് വച്ച ഈ മാതൃക രാജ്യത്തെ മറ്റ് നിയമസഭകളും പിന്തുടരണമെന്നും ഗവർണർ പറഞ്ഞു.

*************************

## BAN IMMIGRATION RACKET

ബംഗ്ലാദേശി അനധികൃത കുടിയേറ്റ റാക്കറ്റ് സംബന്ധിച്ച് ഡൽഹി പോലീസിന്റെ സ്പെഷ്യൽ സെൽ കൈകാര്യം ചെയ്തിരുന്ന കേസിന്റെ അന്വേഷണം ദേശീയ അന്വേഷണ ഏജൻസി ഏറ്റെടുത്തു. കേസിൽ NIA പുതിയ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു. അനധികൃത കുടിയേറ്റം സുരക്ഷാ ഭീഷണിയാണെന്നും ഇത്തരം നീക്കങ്ങൾ തടയണമെന്നുമുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശത്തെത്തുടർന്നാണ് നടപടി.

*************************

## DISCUSSION

കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം.

*

***********

*************************************